ട്രാക്കിലിന്ന് തീപ്പൊരി ചിതറും

100 മീറ്ററിന്റെ വിവിധ ഹീറ്റ്സുകളിൽ ഒന്നാമതെത്തുന്ന ടൈസൻ ഗേ, ഉസൈൻ ബോൾട്ട്, യൊഹാൻ ബ്ലേയ്ക് എന്നിവർ

ബോൾട്ട്, ബ്ലെയ്ക്ക്, ഗേ – വേഗരാജനെ ഇന്നറിയാം



ലണ്ടൻ: പോരാട്ടങ്ങളുടെ പോരാട്ട വേദിയിൽ നൂറ്റാണ്ടിന്റെ ഓട്ടപ്പന്തയം ഇന്ന്. ലോകം കാത്തിരുന്ന മത്സരത്തിന് ഇന്ത്യൻ സമയം തിങ്കളാഴ്ച പുലർച്ചെ ലണ്ടനിലെ ഒളിമ്പിക്സ് സ്റ്റേഡിയത്തിൽ വെടിമുഴങ്ങുമ്പോൾ 10 നിമിഷങ്ങൾക്കുള്ളിൽ ഭൂമിയിലെ അതിവേഗക്കാരനെ നാടറിയും. പൊൻകാലുകളിൽ തീപ്പടർത്തി ചീറിപ്പായുന്ന ജമൈക്കൻ എക്സ്പ്രസ് ഉസൈൻ ബോൾട്ടോ, അദ്ദേഹത്തിന് വെല്ലുവിളിയുമായി ഉദിച്ചുയർന്ന പരിശീലന കൂട്ടാളി യൊഹാൻ ബ്ലെയ്ക്കോ? അതുമല്ലെങ്കിൽ അമേരിക്കയുടെ മുൻ ലോകചാമ്പ്യൻ ടൈസൻ ഗേ, മുൻ ഒളിമ്പിക്സ് ചാമ്പ്യൻ ജസ്റ്റിൻ ഗാറ്റ്ലിൻ, അട്ടിമറി മോഹവുമായി ലണ്ടനിൽ പറന്നിറങ്ങിയ ട്രിനിഡാഡിന്റെ റിച്ചാർഡ് തോംപ്സൻ, ജമൈക്കയുടെ പഴയ പടക്കുതിര അസഫ പവൽ. ലണ്ടൻ ഒളിമ്പിക്സിന് കൗണ്ട് ഡൗൺ തുടങ്ങും മുമ്പ് ഉയർന്ന നൂറായിരം ചോദ്യങ്ങളിലേക്ക് ഇന്ന് ലോകം ഉത്തരം നൽകും. മിന്നൽപ്പിണറിന്റെ ടെസ്റ്റ് ഡോസും കഴിഞ്ഞ് ഇന്ന് സെമിഫൈനൽ അങ്കവും കഴിഞ്ഞാണ് അതിവേഗക്കാരനെ അറിയാനുള്ള നൂറ്റാണ്ടിന്റെ ഓട്ടപ്പന്തയം.

ഹീറ്റ്സിൽ ഒന്നിനൊന്ന് മിന്നുന്ന പ്രകടനവുമായി ചാമ്പ്യന്മാർ ഒന്നാമന്മാരായി സെമി പോരാട്ടത്തിന് യോഗ്യത നേടി. ലോകറെക്കോഡ് കാരനും നിലവിലെ ഒളിമ്പിക്സ് ചാമ്പ്യനുമായ ഉസൈൻ ബോൾട്ട് മികച്ച സമയവുമായിത്തന്നെ നാലാം ഹീറ്റ്സിൽനിന്ന് സെമിയോഗ്യത നേടി. ഹീറ്റ്സിൽ ഏറെ അധ്വാനം ചെലവഴിക്കാതെ പതിയെ തുടങ്ങി 10.09 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് ഉസൈൻ ബോൾട്ടിന്റെ സെമി പ്രവേശം. ബെയ്ജിങ് ഒളിമ്പിക്സിൽ 100, 200, 4x100 റിലേ എന്നിവയിൽ ലോകറെക്കോഡ് സമയത്തോടെ സ്വർണം ചൂടിയ ഉസൈൻ ബോൾട്ട് ഇക്കുറി ലണ്ടനിൽ സ്പൈക്കണിയുമ്പോൾ നിലവിലെ തിരിച്ചടികളും സീസണിലെ ഫോം ഔട്ടുമാണ് ഏകപക്ഷീയ പോരാട്ടമെന്ന പ്രവചനം അസാധ്യമാക്കുന്നത്. ബോൾട്ടിനു പുറമെ ബ്ലെയ്ക്ക്, അസഫ പവൽ എന്നിവർക്ക് 10 സെക്കൻഡിൽ കുറഞ്ഞ സമയം കാണാതെ പോയപ്പോൾ മുൻ ഒളിമ്പിക്സ് ചാമ്പ്യൻ ജസ്റ്റിൻ ഗാറ്റ്ലിനും (9.97), അമേരിക്കയുടെതന്നെ ര്യാൻ ബെയ്ലിയും (9.88) മാത്രമേ 10 സെക്കൻഡിൽ കുറഞ്ഞ സമയത്തിൽ ഫിനിഷ് ചെയ്തുള്ളൂ. ബെയ്ലിയുടെ കരിയറിലെ ഏറ്റവും മികച്ച സമയം കുടിയാണിത്. ഇന്നത്തെ സെമിഫൈനലിൽ ബോൾട്ടും ബെയ്ലിയും ബ്രിട്ടന്റെ ഡെയ്ൻ ചാംബേർസനും ഒന്നിക്കുമ്പോൾ ഫൈനലിനു മുമ്പത്തെ കരുത്തുറ്റ പോരാട്ടമാവും അത്. ഒന്നാം ഹീറ്റ്സിൽനിന്ന് ടൈസൻ ഗേ (10.08), രണ്ടാം ഹീറ്റ്സിൽനിന്ന് ജസ്റ്റിൻ ഗാറ്റ്ലിൻ, മൂന്നാം ഹീറ്റ്സിൽനിന്ന് ര്യാൻ ബെയ്ലി, നാലാം ഹീറ്റ്സിൽനിന്ന് ഉസൈൻ ബോൾട്ട്, അഞ്ചാം ഹീറ്റ്സിൽ നിന്ന് അസഫ പവൽ (10.04) എന്നിവരാണ് ഒന്നാമന്മാരായത്. അഞ്ച് ഹീറ്റ്സിൽ നിന്നും യോഗ്യത നേടിയ 24 പേർ സെമിയിൽ മത്സരിക്കും. മൂന്ന് റൗണ്ടായാണ് സെമി പോരാട്ടം. ജസ്റ്റിൻ ഗാറ്റ്ലിൻ, അസഫ പവൽ എന്നിവർ ഒന്നാം സെമിയിലും, ഉസൈൻ ബോൾട്ട്, ര്യാൻ ബെയ്ലി, റിച്ചാർഡ് തോംപ്സൻ രണ്ടാം സെമിയിലും ടൈസൻ ഗേ, യൊഹാൻ ബ്ലെയ്ക്, ഡെറിക് ആറ്റ്കിൻസ് എന്നിവർ മൂന്നാം സെമിയിലും മത്സരിക്കും.

1984 ലോസ്ആഞ്ജലസ് ഒളിമ്പിക്സിൽ കാൾലൂയിസ്-ബെൻ ജോൺസൺ- സാം ഗ്രാഡി എന്നിവർ മാറ്റുരച്ച നൂറ്റാണ്ടിന്റെ പോരാട്ടത്തിനു ശേഷം മറ്റൊരു ചരിത്രപോരാട്ടമാണ് ഇക്കുറി ലണ്ടനിൽ.

സെമി രാത്രി 12.15ന്, ഫൈനൽ പുലർച്ചെ 2.20ന്

ഒളിമ്പിക്സ് റെക്കോഡ്:
9.69 (ഉസൈൻ ബോൾട്ട്)
ലോകറെക്കോഡ്:
9.58 (ഉസൈൻ ബോൾട്ട്)

ഒളിമ്പിക്സ് സ്വർണ മെഡലുമായി സെറീന വില്യംസ്

ഗോൾഡൻ സ്ലാം സെറീന

ലണ്ടൻ: 14 ഗ്രാൻഡ് സ്ലാം കിരീടമണിഞ്ഞ അമേരിക്കയുടെ ടെന്നിസ് താരം സെറീന വില്യംസിന് കരിയറിലെ ആദ്യ ഒളിമ്പിക്സ് സിംഗ്ൾസ് സ്വർണം. ഒരു മാസം മുമ്പ് വിംബ്ൾഡൺ കിരീടമണിഞ്ഞ് രണ്ടു വർഷത്തെ ഗ്രാൻഡ്സ്ലാം ഇടവേള അവസാനിപ്പിച്ച അതേ വേദിയിൽ റഷ്യയുടെ മരിയ ഷറപോവയെ തറപറ്റിച്ചാണ് സെറീനയുടെ കന്നി ഒളിമ്പിക്സ് കിരീട വിജയം. ഒരു മണിക്കൂറും രണ്ട് മിനിറ്റും മാത്രം നീണ്ട പോരാട്ടത്തിൽ 6-0, 6-1 എന്ന സ്കോറിന് തോൽപിച്ചാണ് സറീന ചരിത്ര നേട്ടം സ്വന്തമാക്കിയത്. ഇതോടെ നാല് സിംഗ്ൾസ് ഗ്രാൻഡ്സ്ലാം കിരീടവും ഒളിമ്പിക്സ് സ്വർണവും സ്വന്തമാക്കിയ കരിയർ ഗോൾഡൻ സ്ലാം സ്വന്തമാക്കുന്ന താരവുമായി.

നാല് ഗ്രാൻഡ്സ്ലാം ഓപണും ഒളിമ്പിക്സ് സ്വർണവും സ്വന്തമാക്കുമ്പോഴാണ് ഗോൾഡൻ സ്ലാം. നേരത്തേ ഡബ്ൾസിൽ സഹോദരി വീനസ് വില്യംസിനൊപ്പം സെറീന കരിയർ ഗോൾഡൻ സ്ലാം നേടിയിരുന്നു. ബെലാറസിന്റെ വിക്ടോറിയ അസരെങ്കോക്കാണ് വെങ്കലം.

ചൈനയെ പിന്തള്ളി ഒന്നാമത്

നീന്തൽ കുളത്തിൽ

അമേരിക്കക്ക് മെഡൽ ചാകര

ലണ്ടൻ: നീന്തൽ കുളത്തിൽ പിടികൊടുക്കാതെ അമേരിക്കൻ കുതിപ്പ്. ഭാരമുയർത്തിയും ഡൈവ് ചെയ്തും ടി.ടി കളിച്ചും ചൈന മെഡൽ പട്ടികയിൽ കുതിക്കുമ്പോൾ നീന്തൽകുളത്തിൽനിന്ന് സ്വർണം വാരികൂട്ടിയാണ് അമേരിക്കൻ തിരിച്ചടി. ഒളിമ്പിക്സിൽ അത്ലറ്റിക്സ് കഴിഞ്ഞാൽ (47 സ്വർണം) ഏറ്റവും കൂടുതൽ സ്വർണം നീക്കിയിരിപ്പുള്ള നീന്തൽകുളത്തിൽനിന്ന് (34) ഏറിയ പങ്കും നീന്തിയെടുത്താണ് അമേരിക്ക ആകെ മെഡൽ പോരാട്ടത്തിൽ ചൈനക്കു മുന്നിൽ മത്സരിക്കുന്നത്. ആറ് ഫൈനലുകൾ മാത്രം ശേഷിക്കെ 28 ഫൈനലുകൾ പൂർത്തിയായപ്പോൾ അമേരിക്ക പുരുഷ-വനിതാ വിഭാഗങ്ങളിൽ നിന്നായി 14 സ്വർണം വെട്ടിപ്പിടിച്ച് നീന്തൽകുളത്തിലെ പോരാട്ടത്തിൽ അശ്വമേധം തീർക്കുന്നു. ആദ്യ ദിനം മുതൽ ചൈന നടത്തിയ മുന്നേറ്റം എട്ടാം ദിനത്തിൽ അമേരിക്ക മറികടന്നപ്പോൾ കുതിപ്പിന് ആക്കം നൽകിയത് നീന്തൽകുളം തന്നെ. ആകെ 23 സ്വർണവും 10 വെള്ളിയും 13 വെങ്കലവുമായി അമേരിക്ക ഒന്നാം സ്ഥാനത്തേക്ക് മുന്നേറി. നിലവിലെ ചാമ്പ്യന്മാരായ ചൈനയെ 21 സ്വർണവും 15 വെള്ളിയും ഒമ്പത് വെങ്കലവുമായി രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളിയാണ് അമേരിക്കൻ മുന്നേറ്റം.

നാലു സ്വർണം മാത്രമേ ലണ്ടൻ അക്വാട്ടിക് സെൻററിൽനിന്ന് ചൈനക്ക് ഇതുവരെ വെട്ടിപ്പിടിക്കാനായുള്ളൂ. ഇനി ശേഷിക്കുന്നത് ആറ് മെഡലുകൾ മാത്രം. ഷൂട്ടിങ്ങിൽ മൂന്നും ജിംനാസ്റ്റിക്സിൽ രണ്ടും ജൂഡോ, റോവിങ്, സൈക്ലിങ്, ആർച്ചറി എന്നിവയിൽ ഓരോ സ്വർണവുമാണ് അമേരിക്കയുടെ സമ്പാദ്യം. ചൈനയാവട്ടെ നീന്തലിലെ നാലിനു പുറമെ വെയ്റ്റ് ലിഫ്റ്റിങ്, ഡൈവിങ് എന്നിവയിൽ നാലും ഷൂട്ടിങ്, ടേബ്ൾ ടെന്നിസ് എന്നിവയിൽ രണ്ടും ഫെൻസിങ്, ജിംനാസ്റ്റിക്സ് എന്നിവയിൽ ഒരോ സ്വർണവും കൈപ്പിടിയിലൊതുക്കി.

ബെയ്ജിങ് ഒളിമ്പിക്സിൽ അമേരിക്ക 12 സ്വർണവും ഒമ്പതു വെള്ളിയും 10 വെങ്കലവും നേടിയാണ് മെഡൽ പട്ടികയിൽ മുന്നേറിയത്.

ചരിത്രം കുറിച്ച് ബ്ലേഡ് റണ്ണർ സെമിയിൽ

ഓസ്കാർ 'ഹിസ്റ്റോറിയസ്'

ലണ്ടൻ: ഓൺ യുവർ മാർക്, ഗെറ്റ് സെറ്റ് ഗോ...ലോകത്തെ മികച്ച അത്ലറ്റുകൾക്കൊപ്പം കൃത്രിമക്കാലുകളുമായി ഓസ്കാർ പിസ്റ്റോറിയസ് എന്ന ദക്ഷിണാഫ്രിക്കക്കാരൻ ഓടിയത് ചരിത്രത്തിലേക്കായിരുന്നു. രണ്ട് കാലുകളുമില്ലാതെ ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ആദ്യ താരം. 400 മീറ്റർ ഹീറ്റ്സിലൂടെ ശനിയാഴ്ച ലോക കായികമേളയിൽ അരങ്ങേറിയ പിസ്റ്റോറിയസ് എത്തിയത് കേവലം സാന്നിധ്യമറിയിക്കാനല്ല. ഏഴ് പേർ അണിനിരന്ന ഹീറ്റ് ഒന്നിൽ ഓടിയ 25 വയസ്സുകാരൻ 45.44 സെക്കൻഡിൽ രണ്ടാമനായി സെമി ഫൈനലിലെത്തി. ഹീറ്റ്സിലെ മൊത്തം കണക്കെടുത്താൽ ഈ വികലാംഗന് മുകളിലുള്ളവരേക്കാൾ എത്രയോ അധികമാണ് താഴെയുള്ളവരെന്നത് ഞായറാഴ്ച നടക്കുന്ന സെമിയിൽ അദ്ദേഹത്തിന്റെ സാധ്യത വർധിപ്പിക്കുന്നു.

സീസണിലെ ഏറ്റവും മികച്ച സമയം കുറിച്ചായിരുന്നു പിസ്റ്റോറിയസിന്റെ ഫിനിഷ്. 45.04 സെക്കൻഡിൽ എത്തിയ ഡൊമിനിക്കയുടെ ലുഗുവെലിൻ സാന്റേറാസ് മാത്രമാണ് ഈ ഹീറ്റിൽ ബ്ലേഡ് റണ്ണറുടെ മുന്നിൽകടന്നത്. ദേശദേദമന്യേ കാണികളുടെ നിറഞ്ഞ പ്രോത്സാഹനം ഏറ്റുവാങ്ങി ഓടിയ പിസ്റ്റോറിയസ് രണ്ടാം പാദത്തിലെ കുതിപ്പിലൂടെ ഏറെ മുന്നേറിയെങ്കിലും സെമി ഉറപ്പാണെന്ന് മനസ്സിലായപ്പോൾ ഫിനിഷിങ് പോയൻറിലെത്താൻ നേരം ഒന്ന് പതുക്കെയാക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച പ്രകടനമല്ല ഹീറ്റിൽ കണ്ടതെന്ന് ചുരുക്കം.

വികലാംഗരുടെ ഒളിമ്പിക്സായ പാരാലിമ്പിക്സിൽ നാലു തവണ സ്വർണ ജേതാവായ പിസ്റ്റോറിയസ് നിരവധി കടമ്പകൾ കടന്നാണ് ലണ്ടനിലേക്ക് ടിക്കറ്റെടുത്തത്. കൃത്രിമക്കാലുകൾ അധിക ആനുകൂല്യം നൽകുന്നുണ്ടെന്ന ചർച്ചകൾ പലപ്പോഴും വിനയായി. എന്നാൽ കായിക കാര്യങ്ങൾക്കുള്ള കോടതി ഈ വാദം തള്ളിയതോടെ പിസ്റ്റോറിയസിന്റെ സ്വപ്നങ്ങൾക്ക് വീണ്ടും ചിറക് മുളക്കുകയായിരുന്നു. കഴിഞ്ഞ വർഷം നടന്ന ലോകചാമ്പ്യൻഷിപ്പിൽ 4x400 മീറ്റർ റിലേയിൽ അദ്ദേഹം ദക്ഷിണാഫ്രിക്കയെ പ്രതിനിധാനംചെയ്തു. ഒളിമ്പിക്സ് റിലേ ടീമിലും പിസ്റ്റോറിയസ് അംഗമാണ്.

400 മീറ്റർ ഹീറ്റ്സിൽ ദക്ഷിണാഫ്രിക്കയുടെ ബ്ലേഡ് റണ്ണർ ഒസ്കാർ പിസ്റ്റോറിയസ് ഫിനിഷിങ് ലൈനിലേക്ക്

ജമ്പിങ് പിറ്റിൽ രഞ്ജിതിന് അഗ്നിപരീക്ഷ

കോട്ടയം: വർഷങ്ങളുടെ കാത്തിരിപ്പിന് മണിക്കൂറുകളുടെ അകലം മാത്രം. ഒളിമ്പിക്സ് ട്രിപ്പിൾ ജമ്പിൽ രഞ്ജിത് മഹേശ്വരി ഇന്ത്യൻ സമയം ചൊവ്വാഴ്ച വൈകുന്നേരം 3.15ന് മത്സരിക്കാനിറങ്ങും. രഞ്ജിത്തിന് ആശംസയർപ്പിച്ച ഫ്ലക്സുകളുമായി നാട്ടുകാരും സുഹൃത്തുക്കളും ബന്ധുക്കളും ആഘോഷത്തിന് ഒരുക്കം കൂട്ടുകയാണ്. ഫൈനലിലേക്ക് യോഗ്യതനേടണമെന്നാണ് തങ്ങളുടെ ഉള്ളുലഞ്ഞ പ്രാർഥനയെന്ന് അമ്മ മഹേശ്വരി പറയുന്നു. കഴിഞ്ഞദിവസം ലണ്ടനിൽനിന്ന് രഞ്ജിത്ത് വിളിച്ചിരുന്നു. മത്സരത്തിൽ 28 പേരാണ് ഉള്ളത്. മൂന്ന് ജമ്പുകൾ.

ദൗർഭാഗ്യം പിടികൂടിയില്ലെങ്കിൽ ആദ്യ 12ൽ എത്താനാവുമെന്ന് പറഞ്ഞു. മത്സരത്തിൽ എട്ടാമനായെത്താൻ ഇപ്പോഴത്തെ ഫോമിൽ കഴിയും. പരിശീലനസമയത്ത് ഈ ദൂരം കണ്ടെത്താനായെന്ന് പറഞ്ഞതായും മഹേശ്വരി പറയുന്നു. ഇറ്റലിയിലെ ഫൊർലിയിൽ കോച്ച് ഷിവ്ലി യവ്ഗിനിയുടെ കീഴിൽ തീവ്രപരിശീലനത്തിന് ശേഷമാണ് രഞ്ജിത് ലണ്ടനിൽ എത്തിയത്. ആദ്യചാട്ടങ്ങളിൽ 17 മീറ്ററിനപ്പുറത്തേക്ക് ചാടിയാൽ മാത്രമേ ഫൈനൽ സ്വപ്നത്തിലേക്ക് വാതിൽ തുറക്കൂ.

കണ്ടറിയണം, ഈ സൂപ്പർതാരത്തെ!

വിജയ് കുമാർ എന്ന പേരിൽതന്നെ ഒരു വിജയത്തിളക്കം കാണാമെങ്കിലും ലണ്ടനിൽ ആരും ഒരു മെഡൽ നിഴൽ പോലും ഈ ഇന്ത്യൻ സൈനികനിൽ കണ്ടിരുന്നില്ലെന്നതാണ് സത്യം. വിജയ് കുമാറിനേക്കാൾ ജൊയ്ദീപ് കർമാകർ എന്ന ഷൂട്ടർക്കായിരുന്നു ചാൻസ്. അതിനു കുടുതൽ പേർ വോട്ട് കുത്തുകയും ചെയ്തു. എന്നാൽ ടോസ് വീണത് വിജയ് കുമാർ എന്ന ഹിമാചൽപ്രദേശുകാരൻ സുബേദാർക്ക്. 1.9 പോയൻറ് വ്യത്യാസത്തിൽ വെങ്കലം നഷ്ടമായതിന്റെ സങ്കടത്തോടെ കർമാകർ നാലാമതെത്തിയപ്പോൾ വിജയ് കുമാറിന്റെ വെള്ളിവിജയം ഇന്ത്യൻ ക്യാമ്പിനെ ഏറെസന്തോഷിപ്പിച്ചു. സന്തോഷത്തിലും വിജയത്തിലുമൊന്നും കാര്യമില്ലെന്ന് എല്ലാവർക്കുമറിയാം. പ്രത്യേകിച്ച് ഒളിമ്പിക്സിൽ. അവിടെ മനുഷ്യൻ അസാധാരണമായ കായികക്ഷമതയും മാനസികക്ഷമതയും നിലനിർത്തണം. അല്ലാത്തവർ ക്ലീൻ ഔട്ടാകുമെന്നു വ്യക്തം. എന്തിനേറെ പറയുന്നു, ഷൂട്ടർ ഗഗൻ നാരംഗിനെ തന്നെ നോക്കൂ- ഗഗൻ നാരംഗ് യോഗ്യതാറൗണ്ടിൽ തന്നെ വീണു. ഇഷ്ടയിനത്തിൽ ഗഗന് ഫിനിഷ് ചെയ്യാനായത് 18ാമനായി. എന്തായാലും, ഇന്ത്യ ഷൂട്ടിങ്ങിൽ കാര്യമായി ശ്രദ്ധിക്കുന്നതായിരിക്കും ഗുണം ചെയ്യുകയെന്ന് എന്നോടൊപ്പം സ്പോർട്സ് റിവ്യൂ ചെയ്യാനെത്തിയ പോളിഷ് പത്രപ്രവർത്തകൻ അൽഫോൻസ് ലിഗൂറി പറഞ്ഞു. അപ്പോഴെനിക്ക് തോന്നിയത്, കബഡിയുടെ കാര്യമാണ്. കബഡിയിൽ തുടർച്ചയായി വിജയിച്ചപ്പോൾ ഇന്ത്യ കബഡിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പിന്നെയതു ഹോക്കിയിലായി. ഇപ്പോൾ ഹോക്കിയും സ്റ്റിക്കും രണ്ടു വഴിക്കായി. തോൽക്കുമ്പോൾ കളിക്കാരെ കുറ്റം പറയുന്ന കോച്ചിനെ ലണ്ടനിൽ കാണുകയും ചെയ്തു. ഇതെല്ലാം പ്രഫഷനലിസത്തിനു ചേർന്നതാണോയെന്നു നാം രണ്ടുതവണ ആലോചിക്കണം. എന്നിട്ടുവേണം കോച്ചിനെയും കളിക്കാരനെയും ടീമിനെയും നിർമിക്കാൻ. അല്ലെങ്കിൽ ഇങ്ങനെ കമിഴ്ന്നു കിടന്നു തുപ്പുന്നവരെ കൊണ്ട് നമ്മുടെ ടീമുകൾ നിറയും.

അന്താരാഷ്ട്ര മെഡൽ വേട്ടകളിൽ ഇന്ത്യൻ സൈനികരിലാണ് ഇനി നമുക്ക് പ്രതീക്ഷയുള്ളത്. അതും ഷൂട്ടിങ്ങിൽ. ഒളിമ്പിക്സിലോ, കോമൺവെൽത്തിലോ, അല്ലെങ്കിൽ ലോക ചാമ്പ്യൻഷിപ്പുകളിലോ മെഡൽ കിട്ടിയില്ലെങ്കിലും ബോർഡറിൽ ശത്രുക്കളെ പേടിപ്പിക്കാനെങ്കിലും ഇതു ഉപകരിക്കാം. ആതൻസ് ഒളിമ്പിക്സിൽ രാജ്യവർധൻസിങ് റാത്തോഡ് എന്ന സൈനികനാണ് ഇതിന് മുമ്പ് ഇന്ത്യക്ക് വെള്ളിമെഡൽ നേടിത്തന്നത് എന്ന മഹത്തായ കാര്യം ഓർക്കുന്നത് നന്നായിരിക്കും. ബെയ്ജിങ്ങിൽ അഭിനവ് ബിന്ദ്ര സ്വർണവും ലണ്ടനിൽ ഗഗൻ വെങ്കലവും സമ്മാനിച്ചു. ഇപ്പോഴിതാ വിജയ് കുമാറും. ടാർഗറ്റ് ഫിക്സിങ്ങിലും ഷൂട്ടിങ്ങിലും കഴിവു തെളിയിക്കുന്നവർ ഏറെയുണ്ടെങ്കിലും ഇവർക്കെല്ലാം തന്നെ അന്താരാഷ്ട്ര സൗകര്യങ്ങളിൽ ശീലിച്ചുള്ള പരിചയക്കുറവ് ലണ്ടൻ ഒളിമ്പിക്സിൽ ഏറെ പ്രകടമായിത്തന്നെ കാണാമായിരുന്നു.

ഇന്നു നടക്കുന്ന സൂപ്പർ അത്ലറ്റിക്സ് മത്സരങ്ങൾ കാണാൻ നേരത്തേ തന്നെ ഗാലറിയിൽ കടക്കുക എന്ന വലിയൊരു കടമ്പ കടക്കാനുണ്ട്. സുരക്ഷാകാരണങ്ങളാൽ ഹാൻഡ്ബാഗ് ഞാൻ നേരത്തേ തന്നെ ഉപേക്ഷിച്ചിരുന്നു. ഇന്ന് ഏതായാലും ലാപ്ടോപ്പും ഡയറിയും വേണ്ടെന്നു വെച്ചു. അത്യാവശ്യത്തിനു പാഡും പേനയും മാത്രം കരുതിയാൽ മതി. ഷൂസ് വരെ ഊരി പരിശോധിച്ചാണ് ഉള്ളിലേക്ക് ഓരോരുത്തരെയും കടത്തുന്നത്. സെക്യൂരിറ്റി ചെക്കപ്പ് കൂടുതൽ കർശനമാക്കിയിട്ടുണ്ട്. സ്ട്രാറ്റഫോഡിലെങ്ങും പട്ടാളക്കാരുടെ മുഖങ്ങളായിരുന്നു ഏറെയും. അവർക്കെല്ലാം നിസ്സംഗതയുടെ ഒരേ ഛായ! വിഷാദത്തിന്റെ വിരാടരൂപം തെളിഞ്ഞു കാണാം.

ശനിയാഴ്ച വൈകീട്ട് സ്ട്രാറ്റ്ഫോഡ് സ്ട്രീറ്റ് റസ്റ്റാറന്റിൽ കപൂചിൻ ചായ കുടിക്കുന്നതിനിടക്ക് അപ്രതീക്ഷിതമായി മലയാളം സംസാരിക്കുന്നവരെ കണ്ടു. മാഞ്ചസ്റ്ററിൽ നിന്നു അത്ലറ്റിക്സ് കാണാനെത്തിയ ഒരു മലയാളി കുടുംബമാണ്. ഫിലിപ്പ് കോശിയും കുടുംബവും. ഭാര്യ മേഴ്സി കോശി ഹെൽത്ത് കെയർ സർവീസിലാണ്. അവരുടെ കുട്ടികൾ ഇംഗ്ലീഷ് കലർന്ന മലയാളം സംസാരിക്കുന്നു. പരിചയപ്പെട്ടതോടെ കുട്ടികൾ അടുത്തു വന്നു. അവർ മലയാളി താരം മയൂഖ ജോണിയുടെ പ്രകടനം കാണാനെത്തിയതാണ്. ട്രിപ്പ്ൾ ജമ്പിൽ മയൂഖ 22ാമതും പുരുഷന്മാരുടെ ഷോട്ട്പുട്ടിൽ ഓംപ്രകാശ്സിങ് 19ാമതുമാണ് ഫിനിഷ് ചെയ്തത്. 14.11 മീറ്റർ ചാടി ദേശീയ റെക്കോഡുള്ള മയൂഖ ലണ്ടനിലെത്തിയപ്പോൾ കവാത്തു മറന്നപോലെയായി. ചാടാനായത് 13.77 മീറ്റർ, പിന്നെ പിന്നിലേക്കു പോയി... സാരമില്ല, ഒളിമ്പിക്സിൽ പങ്കെടുക്കാൻ കഴിയുന്നതുതന്നെ ഏറ്റവും വലിയ കാര്യമാണന്നു കളിക്കളത്തിലിറങ്ങുന്നവർക്കറിയാം. അതു തന്നെ മാഞ്ചസ്റ്ററിൽ നിന്നെത്തിയ മലയാളി കുടുംബവും പറഞ്ഞു. ഒരു ദിവസം അവരുടെ വീട്ടിൽ അതിഥിയായി കഴിയാനുള്ള ക്ഷണവും കിട്ടി.

ഇന്നിപ്പോൾ കാത്തിരിക്കുന്നത്, ആരാണ് ലണ്ടൻ ഒളിമ്പിക്സിന്റെ താരമെന്ന് അറിയാനാണ്? അത് ഉസൈൻ ബോൾട്ടാവുമോ? അതോ യൊഹാൻ ബ്ലെയ്കോ, അതുമല്ലെങ്കിൽ ടൈസൺ ഗേയോ? എന്തായാലും, 100 മീറ്റർ പത്തു സെക്കൻഡിൽ താഴെയോടുന്നവരുടെ മത്സരം കണ്ണടച്ചു തുറക്കും മുമ്പേ തീരുമെന്നതിനാൽ കണ്ണിമ ചിമ്മാതെ തുറന്നു വെക്കാനുള്ള ശീലമായിരുന്നു രാവിലെ മുതൽ... എന്നാൽ, അതത്ര എളുപ്പമല്ലെന്നു മനസ്സിലായി, സ്പീഡോ മാനിയാക്കുകളുടെ മത്സരം കാണാൻ കണ്ണുതുറന്നു ശീലിക്കാൻ പോലും പ്രയാസമുള്ളപ്പോൾ അവരുടെ ഓട്ടത്തിനു പിന്നിലെ യജ്ഞത്തെക്കുറിച്ചോർത്തു പോയി.

ജസ്റ്റിൻ ഗാസ്റ്റിനെ പോലെ, ഡൊണോവൻ ബെയ്ലിയെ പോലെ, ലിൻ ഫോർഡ് ക്രിസ്റ്റിയെ പോലെ, കാൾ ലൂയിസിനെ പോലെ, ജസി ഓവൻസിനെ പോലെ... അനശ്വരന്മാരിൽ അനശ്വരൻ!

സുബൈദാർ വിജയ് കുമാർ